**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ടെസ്റ്റുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഡ്രൈവിംഗ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനായി 23/05/2024 ലെ സ.ഉ.(സാധാ) നം 181/2024/ഗതാ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിത്യേനയുള്ള ടെസ്റ്റുകളുടെ എണ്ണം കുറക്കുന്നത് അപേക്ഷകരുടെ കാത്തിരിപ്പ് നീളുന്നതിന് ഇടയാക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | അപേക്ഷകരുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള ഓഫീസുകളിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും താല്ക്കാലികമായി ഉദ്യോഗസ്ഥരെ വിന്യസിച്ചുകൊണ്ട് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പുതിയ പരിഷ്ക്കാരം സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂളുകളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുമോ; | (സി) | ഡ്രൈവിംഗ് സ്കൂളുകളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന പരിഷ്കാരങ്ങൾ യാതൊന്നും നടപ്പാക്കിയിട്ടില്ല |
| (ഡി) | പ്രസ്തുത മേഖലയുടെ സംരക്ഷണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | ഡ്രൈവിംഗ് സ്കൂളുകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പരിഷ്കരിച്ച ടെസ്റ്റ് മാർഗ്ഗനിർദേശങ്ങളിൽ, ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിന് പരമാവധി സഹായകരമായ ഇളവുകൾ നൽകി നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതുക്കി ഉത്തരവാകുന്നു.

---

ഗതാഗത (ബി) വകുപ്പ്

സ.ഉ.(സാധാ) നം.181/2024/TRANS തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:- 1. ഗതാഗത കമ്മീഷണറുടെ 21.02.2024-ലെ 04/2024 നമ്പർ സർക്കുലർ.

2. 4.5.2024 ലെ സർക്കാർ ഉത്തരവ് (സാ) 170/2024/ഗതാ

3. 15.05.2024-ൽ ഡ്രൈവിംഗ് സ്കൂൾ സംഘടനകളുമായി നടത്തിയ ചർച്ചയിലെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗുണനിലവാരമുള്ള ലൈസൻസ് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടത്തുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും,പരാമർശങ്ങൾ പ്രകാരം വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി.

2. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡ്രൈവിംഗ് സ്കൂൾ സംഘടനകളുമായി ചർച്ച നടത്തി സംഘടനകളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ 40 ടെസ്റ്റും രണ്ട് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുള്ള ഓഫീസുകളിൽ (40x2) 80 ടെസ്റ്റുകളും വീതം പ്രതിദിനം നടത്തേണ്ടതാണ്. 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ പഠനാവശ്യം ഉൾപ്പെടെ വിദേശത്ത് പോകേണ്ടുന്നവരോ വിദേശത്ത് നിന്ന് ലീവിന് വന്ന് മടങ്ങിപ്പോകേണ്ടുന്നവരോ ആയ പ്രവാസികൾ എന്ന രീതിയിലാകണം ടെസ്റ്റുകൾ നിജപ്പെടുത്തേണ്ടത്. വിദേശത്ത് പോകുന്ന അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ റീടെസ്റ്റ് അപേക്ഷകരുടെ സീനിയോറിറ്റി കൃത്യമായി പരിഗണിച്ച് അവസരം നൽകേണ്ടതാണ്.

2) 18 വർഷം വരെ പഴക്കമുള്ള വാഹനങ്ങൾ ഡ്രൈവിംഗ് ടെസ്റ്റിന് ഉപയോഗിക്കാവുന്നതാണ്.

3) റോഡ് സുരക്ഷ മുൻനിർത്തി ഗ്രൗണ്ട് ടെസ്റ്റിന് ശേഷം റോഡ് ടെസ്റ്റ് നടത്തുന്ന രീതി തുടരാവുന്നതും റോഡ് ടെസ്റ്റുകൾ കൃത്യമായി നിയമക്രമം പാലിച്ച് റോഡിൽ തന്നെ നടത്തേണ്ടതുമാണ്. ടെസ്റ്റിന് വിധേയരാകുന്നവർക്ക് മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്ന നിയമങ്ങളെക്കുറിച്ച് ശരിയായ അറിവുണ്ടെന്ന് പരിശോധകർ ഉറപ്പ് വരുത്തേണ്ടതാണ്.

4)മോട്ടോർ വാഹന നിയമത്തിൽ അനുശാസിക്കുന്ന എല്ലാ പരിശോധനാ ഘടകങ്ങളും ഉൾപ്പെടുത്തി, ടെസ്റ്റുകൾക്ക് പുതിയ ഡിസൈൻ തയ്യാറാക്കി ഡ്രൈവിംഗ് സ്കൂളുകൾ ഒരു മാസത്തിനകം ഗതാഗത കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

5) മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓരോ ഡ്രൈവിംഗ് സ്കൂളിനും യോഗ്യതയുള്ള ഒരു ഡ്രൈവിംഗ് ഇൻസ്ട്രക്ടർ ഉണ്ട് എന്നും ഡ്രൈവിംഗ് ടെസ്റ്റിനു അപേക്ഷകരെ ഹാജരാക്കുമ്പോൾ ഡ്രൈവിംഗ് ഇൻസ്ട്രക്ടറുടെ സാന്നിദ്ധ്യമുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

6) റോഡ് സുരക്ഷ കണക്കിലെടുത്ത് ഡ്യുവൽ ക്ലച്ച്/ബ്രേക്ക് സംവിധാനമുള്ള വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന രീതി തുടരാവുന്നതാണ്.

(7) ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലാക്കാനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും ഇതിനായി പരമാവധി റവന്യൂ/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ഗതാഗത കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

8) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളിലും ടെസ്റ്റ് ഗ്രൗണ്ടുകളിലും ആർ.ടി.ഒ/ സബ് ആർ.ടി.ഒ. ഓഫീസുകളിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കേണ്ടതാണ്.

9) ലേണേഴ്സ് ലൈസൻസ് നേടിയവരുടെയും പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നവരുടെയും ക്രമം അനുസരിച്ചുള്ള പ്രത്യേക പട്ടിക തയ്യാറാക്കേണ്ടതാണ്. ഓരോ ഓഫീസിന്റെ കീഴിലുമുള്ള തീർപ്പാകാനുള്ള അപേക്ഷകളുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള സ്ഥലങ്ങളിൽ മോട്ടോർ വെഹിക്കിൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്. പ്രതിദിനം 40 ടെസ്റ്റ് എന്ന മാനദണ്ഡം പാലിച്ചുകൊണ്ട് ആയിരിക്കണം ടി അപേക്ഷകൾ പരിഗണിക്കേണ്ടത്.

10) ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിനായി ഉപയോഗിക്കുന്ന ടെസ്റ്റിംഗ് വാഹനങ്ങൾ (Two Wheeler / Four Wheeler തുടങ്ങിയവ) മോട്ടോർ വാഹന വകുപ്പ് സ്വന്തം നിലയിൽ ഏർപ്പാടാക്കുന്നത് പരിഗണിക്കേണ്ടതാണ്.

11) ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ചു പഠിക്കാനും ഡ്രൈവിംഗ് ടെസ്റ്റിന് അപേക്ഷിക്കാനും സ്വന്തം വാഹനം ഉപയോഗിച്ച് ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകാനുമുള്ള അവസരം ഉറപ്പ് വരുത്തേണ്ടതാണ്.

12) ആഴ്ചയിൽ രണ്ട് ദിവസം വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് നടത്തേണ്ടതാണ്. ഫിറ്റ്നസ് ടെസ്റ്റിന് വാഹനങ്ങൾ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഡ്രൈവിംഗ് ടെസ്റ്റ് നടത്താവുന്നതാണ്.

3. പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. രണ്ട് സർക്കാർ ഉത്തരവുകളിലെയും നിർദേശങ്ങൾക്കനുസൃതമായി ഗതാഗത കമ്മീഷണർ പുതിയ സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം
ജോയിന്റ് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

എല്ലാ RTO/JRTO ഉദ്യോഗസ്ഥർക്കും (ഗതാഗത കമ്മീഷണർ മുഖേന)

ഡ്രൈവിംഗ് സ്കൂൾ സംഘടനകൾക്ക് (ഗതാഗത കമ്മീഷണർ മുഖേന)

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി

റവന്യൂ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :

ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഗതാഗത സെക്രട്ടറിയുടെ സി.എ. യ്ക്ക്.
ഗതാഗത ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.